**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - മൂന്നാർ/ദേവികുളം ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ വരുന്ന ലക്കം ക്ഷീര സഹകരണ സംഘം തെരഞ്ഞെടുപ്പ് -- ശ്രീമതി. അഞ്ജു ജെ.വി., ഡെയറി ഫാം ഇൻസ്ട്രക്ടർ, അടിമാലി ക്ഷീരവികസന യൂണിറ്റിന് അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം. DDDKER/3001/2024-E1 തിരുവനന്തപുരം,തീയതി : 22-08-2024

---

പരാമർശം:- 1. ക്ഷീരവികസന വകുപ്പ് ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.2024 ലെ DDIDK/420/2024-CT നമ്പർ കത്ത്.

**ഉത്തരവ്**

മേൽസൂചന (1) ലെ കത്ത് പ്രകാരം, ദേവികുളം/മൂന്നാർ ക്ഷീരവികസന യൂണിറ്റിന് കീഴിലുള്ള ലക്കം ക്ഷീര സഹകരണ സംഘം-ലെ തെരഞ്ഞെടുപ്പ് 24.08.2024 ന് നടക്കുന്നതായും ആയതിന്റെ വരണാധികാരിയായി നിയോഗിച്ചിരുന്ന ടി ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടർക്ക് സ്ഥലംമാറ്റം ലഭിച്ചതിനാൽ ടി ക്ഷീര സഹകരണ സംഘത്തിന്റെ ഇലക്ഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി അടിമാലി ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടർ ആയ ശ്രീമതി. അഞ്ജു ജെ.വി.യ്ക്ക് അധികചുമതല നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ മൂന്നാർ/ദേവികുളം ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ വരുന്ന ലക്കം ക്ഷീര സഹകരണ സംഘം തെരഞ്ഞെടുപ്പ് വരണാധികാരിയായുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് മാത്രമായി അടിമാലി ക്ഷീരവികസന യൂണിറ്റിലെ ഡെയറി ഫാം ഇൻസ്ട്രക്ടർ ശ്രീമതി. അഞ്ജു ജെ.വി.യ്ക്ക് ദേവികുളം യൂണിറ്റിലെ ഡയറി ഫാം ഇൻസ്ട്രക്ടറുടെ അധിക ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന് വിധേയമായി ആയതിലേക്ക് ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം സ്വീകരിക്കേണ്ടതാണ്.

Signed by
Asif K Yusuf
Date: 22-08-2024 14:19:26
ഡയറക്ടർ

To:- ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :- 1) ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

2) ക്ഷീരവികസന ഓഫീസർമാർ (അടിമാലി, മൂന്നാർ/ദേവികുളം ക്ഷീരവികസന യൂണിറ്റുകൾ) (ഡി.ഡി. മുഖേന)

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)

6) ഈ ഓഫീസിലെ മറ്റെല്ലാ ഓഫീസർമാർക്കും.

7) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

8) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.

9) ശ്രീമതി. ശ്രീത റ്റി., ഡെയറി ഫാം ഇൻസ്ട്രക്ടർ (വെബ്-സൈറ്റ് അപ്ഡേഷനായി)

10) സഞ്ചയം.

11) ശേഖരസഞ്ചയം.